## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2465** — **9/12/2014 ൽ മറുപടിയ്ക്ക്**

## കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീമതി.പി.അയിഷാപോറ്റി<br>ശ്രീ.ജെയിംസ് മാത്യു | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(ബഹു.വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി ) |

| | |
|---|---|
| (എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി എന്താണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ; | (എ) നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ മേഖലയിലെ ട്രേഡ് യൂണിയനുകൾ നൽകിയ നിവേദനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് അനുഭാവപൂർണ്ണമായ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി) കേരളത്തിലെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധികളാണ് ആഭ്യന്തര വിപണിയിൽ നിന്നുള്ള തോട്ടണ്ടിയുടെ ലഭ്യതക്കുറവും കുടിവറുപ്പ് എന്ന പേരിൽ അറിയപ്പെടുന്ന അനധികൃത കശുവണ്ടി സംസ്കരണവും വിപണനവും. കശുമാവ് കൃഷിയുടെ വ്യാപനവും അതുവഴി തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി 2007 ൽ സംസ്ഥാന സർക്കാർ കേരളാ കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി) സ്ഥാപിച്ചു. നാളിതുവരെയായി |

കെ.എസ്.എ.സി.സി ഏകദേശം 24,000 ഹെക്ടർ സ്ഥലത്ത് അത്യുൽപാദനശേഷിയുള്ള കശുമാവിൻതൈകൾ ഉപയോഗിച്ച് കശുമാവ് കൃഷി വ്യാപനം നടത്തിയിട്ടുണ്ട്. ഇവയിൽ നിന്നും പൂർണ്ണതോതിലുള്ള വിളവ് വരും വർഷങ്ങളിലെ വിപണിയിൽ പ്രതിഫലിക്കും.

വറുത്ത തോട്ടണ്ടി അനുബന്ധ സംസ്കരണ പ്രക്രീയകൾ ചെയ്യുന്ന ആവശ്യത്തിലേയ്ക്കായി അനധികൃത സംസ്കരണ കേന്ദ്രങ്ങളി ലേക്ക് കൊണ്ടു വന്ന് കടിവറുപ്പ് സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ഷെല്ലിംഗിനുശേഷം വരുന്ന ഉണങ്ങിയ പരിപ്പ് തോട് പൊളിക്കൽ, തരംതിരിക്കൽ തുടങ്ങിയ സംസ്കരണ പ്രക്രീയകൾക്കായി വീടുകളിലെത്തിച്ച് ജോലി ചെയ്യിപ്പിക്കുന്ന പ്രവണതയും വ്യാപകമാണ്. ഇത്തരം നടപടികൾ ചെറുക്കുന്നതിലേയ്ക്കായി കാഷ്യുസ്പെഷ്യൽ ഓഫീസിൽ നിന്നും അനധികൃത സംസ്കരണ കേന്ദ്രങ്ങൾ കണ്ടെ ത്തുകയും അവ നിറുത്തിവയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും സാധ്യമായ കേന്ദ്രങ്ങളിൽ നിയമപ്രകാരം റെയിഡ്,സീഷർ, എന്നിവ നടത്തി കോടതികളിൽ കേസ് ചാർജ്ജ് ചെയ്യുന്നുണ്ട്. 1967 ലെ അൺരജിസ്റ്റേഡ് കാഷ്യുനട്ട് ഫാകടറീസ് (പ്രൊഹിബിഷൻ) ആക്ട് അനുസരിച്ച് നിരവധി റെയിഡുകൾ നടത്തുകയും നിരവധി കേസുകൾ കടിവറുപ്പ് നടത്തിയവർക്കെതിരെ കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണ് കശുവണ്ടി വിക

സന കോർപറേഷനും കാപെക്സും നേരിടുന്ന പ്രധാന പ്രതിസന്ധി. സർക്കാർ നൽകുന്ന പ്ലാൻഫണ്ട് ഉപയോഗിച്ച് ഫാക്ടറി കളിലെ സൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകു ന്നതിനുള്ള പ്രവർത്തനങ്ങൾ കാഷ്യു കോർപ്പറേഷനും കാപെക്സും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ